# ജ്യോതിഷം

# പൊളിയുന്ന പ്രവചനങ്ങളുടെ കീറച്ചാക്ക്

അന്ധവിശ്വാസവും അതിനനുബന്ധമായി നിൽക്കുന്ന പദ്ധതികളും ശക്തിപ്രാപിച്ചു വീണ്ടും ജനമനസുകളെ വരുതിയിലാക്കുന്ന ഒരു കാലഘട്ടമാണിത്. ആരാധനാലയങ്ങളും ധ്യാനമന്ദിരങ്ങളും ആശ്രമങ്ങളും വീണ്ടും ജനലക്ഷങ്ങളെക്കൊണ്ടു നിറയുകയാണ്. സ്വയം ഈശ്വരാവതാരങ്ങളായി പ്രഖ്യാപിക്കുന്നവർക്കും സിദ്ധന്മാർക്കും മുന്നിൽ വിദ്യാസമ്പന്നരായ വിവേകമതികളായ ആയിരങ്ങൾ സംശയംകൂടാതെ കുമ്പിട്ടു വണങ്ങി, അനുഗ്രഹം ചോദിച്ചു നിൽക്കുന്ന ഒരു അപൂർവ മുഹൂർത്തമാണ് നമ്മൾ ജീവിക്കുന്ന ഈ കാലം. ഭാവി പ്രവചിക്കുന്ന ജ്യോത്സ്യന്മാർക്കും ദോഷങ്ങൾ നീക്കാൻ പൂജകൾ നടത്തുകയും തകിടുകളും ഏലസുകളും യന്ത്രങ്ങളും നിർമിച്ചുകൊടുക്കുകയും ചെയ്യുന്നവർക്കും നിന്നുതിരിയാൻ നേരമില്ലാത്ത്ര തിരക്കാണിപ്പോൾ. ഈ പ്രവചനങ്ങൾ എപ്പോഴെങ്കിലും ഫലിക്കുന്നുണ്ടോ, ഈ തകിടുകൾ എന്തെങ്കിലും നേടുന്നുണ്ടോ, എന്നൊന്നും ആരും അന്വേഷിച്ചുനോക്കുന്നില്ല. സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ ഒരാൾ ഈശ്വര വിശ്വാസിയോ ജോതിഷ വിശ്വാസിയോ ആവുന്നത് മനസിലാക്കാം. പക്ഷേ, അന്ധമായ ഈ യാത്ര കുഴിയിലേ ചാടിക്കൂ.

ജോതിഷം വിശ്വസനീയമായ ഒരു പദ്ധതിയല്ല; ഒരു തട്ടിപ്പാണ് എന്നു പറഞ്ഞാൽ എതിർക്കാൻ കോടിക്കണക്കിനു കേരളീയരുണ്ടാകും എന്നറിയാം. അതുകൊണ്ടുതന്നെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ ഒരു കൂട്ടം പ്രവചനങ്ങളുടെ വിധി എന്തായി എന്നു ചൂണ്ടിക്കാണിക്കാൻ മാത്രമേ ഇവിടെ ഒരുമ്പെടുന്നുള്ളൂ.

ഇന്ത്യൻ എക്സ്പ്രസ് പത്രക്കാരുടെ, ഒരു ജ്യോതിഷപ്രസിദ്ധീകരണമാണ് ചെന്നൈയിൽനിന്ന് ഇറങ്ങുന്ന 'എൽഡേഴ്സ് സ്റ്റാർ ടെല്ലർ' എന്ന ഇംഗ്ലീഷ് മാസിക. ജോതിഷം, പ്രശ്നം, സംഖ്യാശാസ്ത്രം, കൈരേഖാശാസ്ത്രം തുടങ്ങിയ എല്ലാ പ്രവചന പദ്ധതികളിലേയും ഇന്ത്യയിലെ പേരുകേട്ട വ്യക്തികൾ ലേഖനമെഴുതുന്ന ഒരു പ്രസിദ്ധീകരണമാണത്.

തെരഞ്ഞെടുപ്പുകൾ, കായികമത്സരങ്ങൾ എന്നിവയൊക്കെ നടക്കുന്നതിനുമുമ്പായി അതിലൊക്കെ ആരാണ് വിജയികളാവുക എന്ന് ഈ വിദഗ്ധർ പ്രവചിക്കുന്ന ലേഖനങ്ങൾ ഈ മാസികയിൽ പ്രസിദ്ധീകരിക്കാറുണ്ട്. പ്രവചനങ്ങളും യാഥാർഥ്യങ്ങളും വല്ലപ്പോഴും ഒത്തുവന്നെന്നു വരും- മിക്കപ്പോഴും അതല്ല, സംഭവിക്കാറ്. ജോതിഷം വിശ്വസനീയമായ ഒരു പ്രവചന പദ്ധതിയാണെങ്കിൽ എന്തുകൊണ്ട് ഈ പ്രവചനങ്ങൾ പിഴയ്ക്കുന്നു? ജോതിഷവിശ്വാസികൾ സ്വയം ചോദിക്കേണ്ട ചോദ്യമാണത്.

1999 മെയ് പകുതിയായപ്പോൾ ഇറങ്ങിയ 'എക്സ്പ്രസ് സ്റ്റാർ ടെല്ലറി'ന്റെ ജൂൺ ലക്കത്തിൽ വേൾഡ് കപ്പ് ക്രിക്കറ്റിലെ വിജയി ആരാകുമെന്ന പ്രവചനമുണ്ടായിരുന്നു. കവടി നിരത്തി പ്രശ്നംവച്ച് പ്രവചനം നടത്തിയത് പ്രാശ്നികരിൽ പ്രശസ്തനായ ശ്രീ. ഗുപ്തയായിരുന്നു. ലോകകപ്പിൽ പങ്കെടുക്കുന്ന പന്ത്രണ്ടു ടീമുകളുടെയും ശക്തിദൗർബല്യങ്ങൾ പ്രശ്നദൃഷ്ട്യാ വിലയിരുത്തിയശേഷം അദ്ദേഹം പ്രവചിച്ചത് ഇത്തവണത്തെ ലോകകപ്പ് വെസ്റ്റ് ഇൻഡീസ് കൊണ്ടുപോകുമെന്നാണ്. സംഭവിച്ചതോ വെസ്റ്റിൻഡീസ് ആദ്യറൗണ്ടിൽതന്നെ പുറത്തായി.

ഒറ്റപ്പെട്ട ഒരു സംഭവത്തെക്കുറിച്ച് വെറും ഒരു ജ്യോതിഷി നടത്തിയ പ്രവചനം പിഴച്ചതിന്റെ പേരിൽ ജ്യോതിഷത്തെ വിമർശിക്കുന്നത് ശരിയല്ല എന്നായിരിക്കും ഇത്രയും പറയുമ്പോൾ ചിലരുടെ അഭിപ്രായം. അതു ശരിതന്നെ. മറ്റൊരു ഉദാഹരണമെടുക്കാം.

അവിശ്വാസവോട്ടെടുപ്പിൽ പുറത്തുപോയ ഇപ്പോഴത്തെ വാജ്പേയ് ഗവൺമെന്റ് 1998 മാർച്ചിൽ അധികാരമേറ്റെടുത്തതിനുശേഷം, ഈ ഗവൺമെന്റ് എത്രകാലം തുടരും എന്നതിനെക്കുറിച്ച് വിവിധ ജ്യോതിഷികളുടെ അഭിപ്രായം ചോദിച്ചറിഞ്ഞ് രേഖപ്പെടുത്തി ഇറക്കിയതാണ് സ്റ്റാർ ടെല്ലറിന്റെ 1998 മെയ് ലക്കം. പതിമൂന്നു മാസം അധികാരത്തിൽ തുടർന്നശേഷം 1999 ഏപ്രിലിൽ സ്ഥാനഭ്രഷ്ടരാക്കപ്പെട്ട ആ ഗവൺമെന്റിന്റെ ആയുസിനെക്കുറിച്ച് അന്ന് ജോതിഷികൾ പറഞ്ഞതെന്താണെന്നു നോക്കാം.

ഡോ. എം.വി.മേത്ത: ഈ ഗവൺമെന്റിന്റെ ഏറ്റവും കൂടിയ ആയുസ് നാല് മാസവും 27 ദിവസവുമാണ്.

പ്രഫ. പി.എസ്.ശാസ്ത്രി: രണ്ടായിരാമാണ്ടിലെ സെപ്റ്റംബർ 15-നു വരെ ഈ ഗവൺമെന്റിന് യാതൊരു അനക്കവും ഉണ്ടാവില്ല.

പണ്ഡിറ്റ് കലിയൂർ നാരായണൻ: എല്ലാ പ്രതിസന്ധിഘട്ടങ്ങളെയും തരണംചെയ്ത് ഈ ഗവൺമെന്റ് കാലാവധി മുഴുവൻ ഭരിക്കും.

ഇ.കെ.ദിലീപ്കുമാർ: 2002 ഒക്ടോബർ 18-ാം തീയതി ആരംഭിക്കുന്ന ശുക്രദശയിലെ വ്യാഴത്തിന്റെ ഭക്തി സമയത്ത് ഈ ഗവൺമെന്റ് നിലംപതിച്ചേ തീരൂ.

ജി. കബിൻദാസ്: ഈ ഗവൺമെന്റ് ബലമുള്ളതും കാലാവധി മുഴുവൻ തികയ്ക്കുന്നതുമായിരിക്കും.

എ.ബാലശേഖർ: 1999 നവംബർ മൂന്നാം വാരം വാജ്പേയ് ഗവൺമെന്റ് നിലംപതിക്കും.

ഈ പ്രവചനങ്ങളിൽ ഒന്നുപോലും യഥാർഥത്തിൽ നടന്നതിന്റെ നിഴലിനടുത്തുപോലും എത്തിയില്ല എന്നതാണ് അത്ഭുതം. നൂറിൽ തൊണ്ണൂറ്റൊമ്പതും പിഴച്ചാലും പിന്നെയും ഇത്തരം പ്രവചനങ്ങളെ വിശ്വസിച്ചുകൊണ്ടേയിരിക്കുന്ന മനുഷ്യരെ എന്തു വിളിക്കണം? ഒരേ പുറത്തിൽ തന്നെ പത്തു പേരുടെ പത്തുതരം അഭിപ്രായങ്ങൾ നിരത്തുന്നതിൽ യാതൊരു സങ്കോചവും തോന്നാത്ത ഇത്തരം പ്രസിദ്ധീകരണങ്ങളെ എന്തുചെയ്യണം? (ജ്യോതിഷം ശരിയാണെങ്കിൽ പ്രവചിക്കുന്ന എല്ലാവരും പ്രവചിക്കുന്നത് ഏകദേശം ഒന്നുതന്നെയായിരിക്കണ്ടേ).

പത്തുപേർ പത്തു തരത്തിൽ പറഞ്ഞിട്ടും അതിലൊന്നുപോലും ശരിയാകാതെ വരുമ്പോൾ ജ്യോതിഷത്തിനെതിരെ ഒരു നിലപാടെടുക്കേണ്ടത് നമ്മുടെ ഒരു ബാധ്യതയല്ലേ?

**എസ്.കുമാരൻ നായർ.**